# ബഹ്റിൻ കേരളീയ സമാജം

# The Bahrain Keraleeya Samajam

## ഓണപലഹാരം അച്ചാറു മേള

തിരുവോണദിനത്തിൽ മഹാബലി തമ്പുരാനു തന്റെ പ്രജകളെ കാണാൻ വന്നെത്തും എന്നാണ് വിശ്വാസം. അതുകൊണ്ട് തന്നെ പ്രജകളെല്ലാം മാവേലിയെ വരവേല്ക്കാൻ മനോഹരമായ പൂക്കളങ്ങളൊരുക്കിയും സദ്യവട്ടങ്ങൾ തയ്യാറാക്കിയും കാത്തിരിക്കണം എന്നാണ്.

ഓരോ മലയാളിയ്ക്കും ഓണനാളുകൾ പ്രത്യേകിച്ചും തിരുവോണദിനം കാത്തിരിപ്പുകളുടെ സാഫല്യത്തിന്റെ ദിനമാണ്. ഏറെ നാളായി ദൂരദേശങ്ങളിൽ വസിക്കുന്ന ബന്ധുമിത്രാദികൾ നാട്ടിലേക്ക് ഓടിയെത്തി, പഴയ ഓർമ്മകളും, സ്നേഹബന്ധങ്ങളും പുതുക്കുന്ന സുന്ദര ദിനം പലദേശങ്ങളിൽ ജോലി ചെയ്യുന്ന മക്കൾ വേർപ്പാടിന്റെയും ഒറ്റപ്പെടലിന്റെ വേദന പേറി ജീവിക്കുന്ന അച്ഛനമ്മമാരെ സന്ദർശിച്ച് അവർക്കൊപ്പമിരുന്ന് പൂക്കളം തീർത്തും, സദ്യയുണ്ടും അടുത്ത ഓണനാളുകൾ വരുന്നത് വരെ ഓർത്തു വെയ്ക്കാനുള്ള നനുത്ത ദിനങ്ങൾ തീർക്കുന്ന ദിനങ്ങളാണ് ഓണക്കാലം. ഓണം എന്നത് മലയാളിയെ സംബന്ധിച്ചിടത്തോളം ഒരു വികാരമാണ്.

കാലത്തിന്റെ കുത്തൊഴുക്കിൽ സ്വയം ഒഴുകിപ്പോയവയും, നാം ഒഴുക്കിവിട്ടതുമായ നമ്മുടെ പൈതൃകവും, സവിശേഷതയും, സാംസ്കാരവും, നന്മയുമെല്ലാം വരും തലമുറയ്ക്ക് അന്യമായി പോകുന്നത് നിസ്സഹായതയോടെ നോക്കി അതു കൊണ്ടു തന്നെ, ഓരോ വർഷവും തിരുവോണത്തെ ആർദ്രരായി ശാന്തരായി, സൗമ്യരായി സമാജം എതിരേൽക്കുന്നത്.

ഇക്കുറി ഓണപലഹാരങ്ങളുടെയും അച്ചാറുകളുടെയും ഒരു മേള ഒരുക്കി കൊണ്ടാണ് സമാജം ഓണത്തെ വരവേൽക്കുന്നത്. സെപ്തംബർ 8 മുതൽ 16 വരെ നടത്തപ്പെടുന്ന ശ്രാവണം '16-ന്റെ വരവേൽപ്പ് അഥവാ കർട്ടൻ റെയിസർ സെപ്തംബർ 2 വെള്ളിയാഴ്ച അവതരിപ്പിക്കുന്നതിനു സമാജത്തിനു ചില ഉദ്ദേശ ലക്ഷ്യങ്ങൾ ഉണ്ട്.

ഇക്കുറി ഓണം ഈദ് അവധിക്കാലത്താണ്.

സ്കൂൾ വെക്കേഷൻ കഴിഞ്ഞു തിരിച്ചെത്തുന്ന കുട്ടികൾ ഗൃഹാതുരതയുടെ പച്ചപ്പിൽ നിന്നു മോചിതരാകാൻ സ്വാഭാവികമായും കുറച്ചു സമയമെടുക്കും. ഈ വരവേൽപുത്സവവും ശ്രാവണം 2016-ഉം തനതു സംസ്കൃതിയുമായി ഒത്തു നിൽക്കുന്ന പരിപാടിയാക്കാൻ സംഘടിപ്പിച്ചാൽ ഈ ഗൃഹാതുരതയിൽ നിന്നും വേഗം മോചിതരാകാൻ കുട്ടികൾക്ക് കഴിയും.

നാട്ടിൽ ഇക്കുറി പോകാൻ കഴിയാത്ത കുട്ടികൾക്കും ഓണം എന്തായിരുന്നു എന്നും ഓണം എന്താവണമെന്നും മനസ്സിലാക്കിക്കൊടുക്കുന്ന പരിപാടികൾ കാലഘട്ടത്തിന്റെ അനിവാര്യതയാണ്.

ഭക്ഷ്യവിഷ ബാധ ജന്യ രോഗങ്ങൾ കോമരം തുള്ളുന്ന ഈ കാലത്തു, ശുദ്ധമായ ഓണപലഹാരവും അച്ചാറുമെങ്കിലും ബഹ്റൈൻ മലയാളിക്ക് നൽകാൻ കഴിഞ്ഞാൽ അതൊരു സേവനമാവും സമാജം കരുതുന്നു.

അതുകൊണ്ടു തന്നെ ഓണവിഭവങ്ങളായ കായ് വറുത്തത് (2 തരം), ശർക്കരവരട്ടി, ചേന വറുത്തത്, ചേമ്പ് വറുത്തത്, കളിയോടയ്ക്ക, മുറുക്ക്, അച്ചപ്പം, ഇലയട, ഉണ്ണിയപ്പം, മാങ്ങാച്ചാർ, നാരങ്ങാച്ചാർ, പുളിയിഞ്ചി എന്നിവ സമാജം അങ്കണത്തിൽ വച്ച് നേരിട്ട് പാചകം ചെയ്ത് വിതരണം ചെയ്യുന്നതാണ്.

ഈ പരിപാടിയുമായി സഹകരിക്കാൻ താല്പര്യമുള്ളവർ, പാചകത്തിനാവശ്യമായ ഗ്യാസ് സ്റ്റോവ് / ഇൻഡക്ഷൻ കുക്കർ എന്നിവ ആ ദിവസത്തേയ്ക്ക് സമാജത്തിനു നല്കാൻ കഴിയുന്നവർ സമാജം ഓഫീസിൽ ബന്ധപ്പെടേണ്ടതാണ്.

ഈ സംരംഭത്തിൽ എല്ലാ സമാജം അംഗങ്ങളും പങ്കെടുത്ത് പാചകം നടത്തി വിജയിപ്പിക്കണമെന്നും അഭ്യർത്ഥിക്കുന്നു. എല്ലാ വിഭവങ്ങളും കുറഞ്ഞ നിരക്കിൽ സമാജം സ്റ്റാളുകളിൽ അന്നേ ദിവസം ലഭ്യമാണ്.

മേൽപറഞ്ഞ ഓണവിഭവങ്ങൾ വാങ്ങുവാൻ ആഗ്രഹിക്കുന്നവർ ആഗസ്റ്റ് 30-ന് മുമ്പായി താഴെ പറയുന്ന ഇ-മെയിലിൽ അയയ്ക്കുകയോ, വിജയൻ (39671420), ഷാജൻ (39185185), ടി.ജെ. ഗിരീഷ് (39855506) എന്നീ നമ്പരുകളിൽ വിളിക്കുകയോ ചെയ്യാവുന്നതാണ്.

## Order Form

| ആളിന്റെ പേര് വിവരം | |
|---|---|
| ആളിന്റെ പേര് | |
| മൊബൈൽ | ഇ-മെയിൽ |
| ഒപ്പ് | |
| തീയതി | |

| Items required | Qty | |
|---|---|---|
| | | |
| | | |
| | | |
| | | |
| | | |
| Total | | |